ഈ കഴിഞ്ഞ ആലപ്പുഴ മെഗാമീറ്റിൽ നമ്മൾ 'നാട്യ 26' ലൂടെ ഇന്ത്യാ ബുക്ക് ഓഫ് റിക്കോർഡ്സ്സിൽ സ്ഥാനം കുറിച്ച ദിനം. വേദിയിൽ നൃത്തരൂപങ്ങൾ വിടർന്ന്, നവഭാവങ്ങൾ പകർന്ന് ഓരോന്നായി കടന്നുപോവുന്നു.

സദസ്സിന്റെ ഒരോരത്ത് ഒരമ്മയും ഒപ്പം മടിയിലൊരു കുഞ്ഞും.

നാട്യയുടെ ഗരിമ തുളുമ്പിയ ഒരു നേർക്കാഴ്ച.

മാതൃഭാവങ്ങളും, വേദിയിലെ നൃത്തവിന്യാസങ്ങളിലെ
വർണ്ണപ്രഭയാകെയും ഏറ്റുവാങ്ങിയ ആസ്വാദകയായി ഒരമ്മയുടെ ദൃശ്യം.-
നാട്യയിലെ തന്റെ ദൗത്യങ്ങളായ
നൃത്താവതരണശേഷം സദസ്സിന്നരികിലേക്കോടിയെത്തിയ ഒരമ്മ!
ഉറക്കച്ചടവിൽ വാടിപ്പോയ കുരുന്നിനെ
ചേർത്തിരുത്തി നാട്യയിലെ ഫിനിഷിംഗ് സിംഫണിക്കായി
കാത്തിരിക്കുന്ന ടാലന്റഡ് ബാങ്കറായ അമ്മ!

ഒരസുലഭ ദൃശ്യം!

മാതൃദിനം കൂടിയായിരുന്ന മെയ് മാസ ഞായർ പകർന്ന സമ്മോഹനകാഴ്ച!

നർത്തകിയായ ആ അമ്മയുടെ
സർഗ്ഗപ്രഭാ വീഥിയിലൂടെ വെളിച്ചം പകർന്നുകൊണ്ട് പുതുദളം
വിടരുന്നു.

സഹർഷം, ഈയാഴ്ചയിൽ.

നിഖിത പെരിഞ്ചേരി,
കനറ ബാങ്ക്.
സോണൽ ഇൻസ്പെക്ടറേറ്റ്,
എറണാകുളം.

ചെറായിയിൽ ശ്രീ പി.എൻ. വേണുഗോപാൽ- ശ്രീമതി കെ.കെ. മിനി ദമ്പതികളുടെ മകൾ. ബാല്യകാലം മുതൽ നൃത്തത്തെ പുല്കിയ പ്രതിഭ.

എറണാകുളം പറവൂർ ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ, സമൂഹം ഹൈസ്കൂൾ, എസ്.എൻ.വി. സംസ്കൃത ഹയർ സെക്കണ്ടറി സ്കൂൾ, എന്നിവയിലൂടെ തിളക്കമാർന്ന വിജയം കരസ്ഥമാക്കി
എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദവും,
കൊച്ചി സർവകലാശാലയിൽ നിന്ന് കെമിസ്ട്രിയിൽ
ബിരുദാനന്തരബിരുദവും നേടി.
കെമിസ്ട്രിയിൽ ഗവേഷണ പഠനങ്ങൾക്കായുള്ള
തയ്യാറെടുപ്പുകൾക്കിടയിൽ പങ്കെടുക്കാൻ കഴിഞ്ഞ IBPS P. O ടെസ്റ്റിൽ

വിജയിയായി കനറാ ബാങ്കിൽ ജോയിൻ ചെയ്തു-
ചേച്ചി മമിതയുടെ ചുവടുപിടിച്ച് ബാങ്കറായി മാറിയ സന്തോഷം
പങ്കുവെയ്ക്കുന്നു, നിഖിത.

ബാല്യകാലത്തെ ഭ്രമമായിരുന്ന നൃത്തപഠനം. ക്ലാസിക്ക്
നൃത്തരൂപങ്ങളുടെ പഠനം ഇന്നും തുടരുന്നു. കഥാരചന, പ്രബന്ധരചന,
പ്രസംഗം, ക്വിസ് മത്സരങ്ങളിലൂടെ അംഗീകാരങ്ങളേറെ നേടിയ സ്കൂൾ
പഠനകാലത്ത് രണ്ടുവർഷം തുടർച്ചയായി സംസ്ഥാനതലത്തിൽ
കഥാമത്സരത്തിൽ എ ഗ്രേഡ് നേടുകയും ചെയ്തു. സംസ്കൃതോത്സവത്തിൽ
ഒട്ടേറെ സമ്മാനങ്ങൾക്കർഹയായി.

എഴുത്തിലും വായനയിലും മാതാപിതാക്കളും, മൂത്ത സഹോദരി
മമിതയും നല്കിയ പ്രോത്സാഹനങ്ങൾക്കളവില്ല. ബാല്യകാലം മുതൽ
നൃത്തപാഠങ്ങൾ പകർന്നു നല്കിയ ഗുരുക്കൾ ഏറെയുണ്ട്.
ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം എന്നിവയിൽ ശ്രീമതി
കലാമണ്ഡലം
സ്മിതയുടെ ശിക്ഷണം നേടാൻ കഴിഞ്ഞു.

മോഹിനിയാട്ടത്തിൽ Dr. മിനി പ്രമോദ് മേനോന്റെ ഗൈഡൻസിൽ പഠനം
തുടരുന്നു. അടുത്തകാലത്ത് ഗുരു ശ്രീമതി മധുലിത മൊഹാപത്രയിൽ
നിന്ന് ഒഡീസിയെ ആഴത്തിൽ പഠിക്കുന്നു- തന്നിലെ നൃത്താഭിമുഖ്യത്തെ
നിരന്തരപഠനത്തിലൂടെ പരിപോഷിപ്പിക്കുന്ന നിഖിതയുടെ വാക്കുകളിൽ
ആത്മഹർഷം തുളുമ്പുന്നു.

മുപ്പത്തിയഞ്ച് ഇന്ത്യൻ നൃത്തരൂപങ്ങളെ ഒരു വേദിയിൽ കോർത്തിണക്കി
നൂറ്റിയെൺപത്തിയൊന്നു ബാങ്കർമാർ അണി ചേർന്ന് രംഗാവിഷ്കാരം
നിർവഹിച്ച രണ്ടു മണിക്കൂർ നീണ്ടുനിന്ന നൃത്താഞ്ജലി!

നാട്യയിൽ പങ്കുചേരാൻ കഴിഞ്ഞതിലെ ചാരിതാർത്ഥ്യം
പറഞ്ഞറിയിക്കവയ്യ. അതിന്റെ കോൺസെപ്റ്റ് രൂപപ്പെടുമ്പോൾ
തൊട്ടുള്ള തയ്യാറെടുപ്പിന്റെ വിവിധ ഘട്ടങ്ങളെ നേരിട്ട് അചഞ്ചലയായി
മുന്നേറിയ സഹോദരി മമിതാ പെരിഞ്ചേരിയോടൊപ്പം ചേർന്നു
പ്രവർത്തിക്കാൻ കഴിഞ്ഞു.
തന്റെ ജീവിതാനുഭവങ്ങളിലെ തിളങ്ങുന്ന അദ്ധ്യായമായതു മാറി-
നിഖിതയുടെ വാക്കുകളിൽ അഭിമാനം നിറഞ്ഞു.

"ഞങ്ങൾ മൂന്നുപേർ - മിനുവും ശ്രീലക്ഷ്മിയും ഞാനും - ചേർന്ന നൃത്ത
സംഘമായിരുന്നു ഒഡീസി അവതരിപ്പിച്ചത്. മഴയുടെ സൗന്ദര്യവും
താളവും കുളിരേകിയ പ്രകൃതിയും ചേർന്ന സിംഫണിയെ ഒഡീസിയുടെ
ചാരുതയിൽ നടനത്തിലാവാഹിച്ചു
രംഗത്ത് അവതരിപ്പിക്കുകയായിരുന്നു ഞങ്ങളുടെ ദൗത്യം. "വർഷപല്ലവി"
യെന്ന ഒഡീസിപല്ലവി തെരഞ്ഞെടുത്തു. ഒഡീസിയുടെ താളലയങ്ങളിൽ

മഴയുടെ ദർശനം ദൃശ്യാവിഷ്കാരമാക്കുകയെന്ന ചലഞ്ച് ഞങ്ങളേറ്റെടുത്തു: അവരവരുടെ സ്ഥലങ്ങളിലിരുന്ന് ഓൺ ലൈനിലൂടെ പ്രാക്ടീസ് ചെയ്തു.

അവതരണത്തിനു തൊട്ടു മുമ്പുള്ള ഒഴിവുദിനത്തിൽ കൊല്ലത്ത് ശ്രീലക്ഷ്മിയുടെ വീട്ടിലെത്തി മൂവരും ഒത്തു ചേർന്നു പ്രാക്ടീസ് ചെയ്തു പാകപ്പെടുത്തി. ഒടുവിൽ മുപ്പത്തിയഞ്ചു നൃത്തയിനങ്ങളും ഒന്നിച്ചൊന്നായി ഒരു നൂലിൽ കോർത്തെടുത്ത ഒരു ഹാരമായി രംഗവേദിയാകെ നിറഞ്ഞാടിയ നർത്തകരേവരും കൈകോർത്ത നിമിഷങ്ങൾ!
ടാലന്റഡ് ബാങ്കേഴ്സ് തീം സോംഗിന്റെ പശ്ചാത്തലത്തിൽ ഫിനിഷിംഗ് നൃത്തമായി മാറിയ 'നാട്യ' യുടെ തയ്യാറെടുപ്പുകൾ വർണ്ണനാതീതമാണ്. ഓരോ നിമിഷവും ജ്വലിച്ചു നില്ക്കുന്ന ജീവിതാനുഭവം പകർന്നു. ഞങ്ങളേവരും ഇന്ത്യ ബുക്ക് ഓഫ് റിക്കോർഡ്സിൽ സ്ഥാനം നേടിയ നിമിഷം! മഹത്തായ നേട്ടത്തിനുടമകളായി മാറിയ ടാലന്റഡ് ബാങ്കേഴ്സ്!

പ്രതിഭാധനരായ നൂറുകണക്കിന് സഹബാങ്കർമാരുടെ സ്നേഹവും സഹജാവബോധവും നാട്യയുടെ സാക്ഷാത്കാരത്തിൽ ദൃശ്യമായി.

ഒഡീസി നൃത്താവതരണം ആറാമതായിരുന്നു. പത്തൊമ്പതായി വന്ന കജ്രി നൃത്തത്തിലും തനിക്കൊരു റോൾ വന്നുചേർന്നു. അതുകഴിഞ്ഞ് വേദിയിൽ നിന്നിറങ്ങി ഫിനിഷിംഗ്സംഘ നൃത്തത്തിന് ഊഴം കാത്തു നില്ക്കുമ്പോഴാണ് ഇളയ മകൻ ആദിത്യ അടുത്തെത്തിയത്. ഒപ്പം മൂത്തമകൻ ആഗ്നേയുമുണ്ട്. പാവം കുഞ്ഞ് ആദിത്യ!
ഉറക്കക്ഷീണവുമുണ്ട്. മക്കൾ രണ്ടുപേരെയും സദസ്സിലെ നിലത്തിരുത്തി വേദിയിൽ അരങ്ങേറിക്കൊണ്ടിരുന്ന നാട്യയിലെ തുടർന്നുള്ള ഭാഗങ്ങൾ ആവേശപൂർവം കാണുകയായിരുന്നു ഞങ്ങൾ.
ആ നിമിഷങ്ങളിൽ പകർത്തപ്പെട്ട ഒരു വീഡിയോവിലൂടെ മാതൃദിന അമ്മ കൂടിയായി ഞാൻ മാറുകയായിരുന്നുവല്ലെ!"- നിഖിതയുടെ വാക്കുകളിൽ കൗതുകവും ഒപ്പം ചാരിതാർത്ഥ്യവും നിറയുന്നു.

കുടുംബ വിശേഷങ്ങളും ബാങ്കിംഗ് കരിയറും-

പിതാവ് ശ്രീ പി.എൻ . വേണുഗോപാൽ കേരളാ പോലീസിൽ സബ്ഇൻസ്പെക്ടർ സ്ഥാനത്തു നിന്നു റിട്ടയർ ചെയ്തു. ശ്രീമതി കെ. കെ. മിനി വീട്ടമ്മയും. മൂന്നു മക്കളും- മമിത- നിഖിത-ആതിര- ബാങ്കർമാരായി: ഇളയ സഹോദരി ആതിര പെരിഞ്ചേരി കനറാ ബാങ്കിൽ പ്രവർത്തിക്കുന്നു.
മമിത പെരിഞ്ചേരി ടീബിയുടെ മുൻകാല ദളവും ഗവേണിംഗ് ബോഡി അംഗവുമാണ്.

ശ്രീ നിഖിൽ മഹേശ്വറാണ് നിഖിതയുടെ ജീവിതസഖാവ്. ഏറ്റുമാനൂരിൽ സബ് പോസ്റ്റുമാസ്റ്ററായി പ്രവർത്തിക്കുന്നു. ചരിത്ര പഠനം, സ്റ്റാമ്പ്-

കോയിൻ കളക്ഷൻ എന്നിവ ഹോബിയായി സൂക്ഷിക്കുന്നു. മക്കൾ- പത്തുവയസ്സുകാരൻ ആഗ്നേയ് എൻ. മഹേശ്വർ, അഞ്ചു വയസ്സുകാരൻ ആദിത്യ എൻ. മഹേശ്വർ. മൂവരും ചേർന്നസംഘം തന്റെ കലാസപര്യക്ക് തണലും കൂട്ടുമൊരുക്കുന്നു. ആഗ്നേയ് സ്റ്റാമ്പ്- കോയിൻ കളക്ഷനിൽ അച്ഛനോടൊപ്പം ചേരുന്നു. ആദിത്യ നൃത്തവും പാട്ടും ജോറാക്കുന്ന പൊന്നോമനയും.

കനറാ ബാങ്കിന്റെ തൃശൂർ കണ്ടശ്ശാംകടവ് ബ്രാഞ്ചിൽ ഓഫീസറായി തുടങ്ങിയ ബാങ്കിംഗ് കരിയർ. തുടർന്ന് എറണാകുളം, മലപ്പുറം, ബംഗളൂരു, കോട്ടയം എന്നിവിടങ്ങളിലെ സേവനശേഷം ഇപ്പോൾ എറണാകുളത്ത് മടങ്ങിയെത്തിയിരിക്കുന്നു. എറണാകുളം യൂണിറ്റിൽ സീനിയർ മാനേജറായി സോണൽ ഇൻസ്പെക്ടറേറ്റിൽ പ്രവർത്തിക്കുന്നു.

നാട്യയിലെ ഒഡീസി പല്ലവിയുടെ സംഘത്തിലെ മിനു മേരി എബ്രഹാമും ശ്രീലക്ഷ്മി അഭിഷേകും നമ്മുടെ മുൻകാല ദളങ്ങളാണ്. നിഖിതയും ചേരുമ്പോൾ മൂവരും ചേർന്ന ഒഡീസി വർഷപല്ലവിയും സാർത്ഥകമാവുന്നു.

"Calmness in chaos- ഒരു വരിയിൽ നിഖിതയെ ഇങ്ങനെ വിവരിക്കാം. നാട്യയുടെ എല്ലാ കാര്യങ്ങളും മമിതയോടൊപ്പം നിന്ന് മനോഹരമായി നിഖിത കൈകാര്യം ചെയ്തിരുന്നു. ഒച്ചപാടും ബഹളവും ഒന്നുമില്ലാതെ ഗ്രൂപ്പിൽ ഉള്ളവരെ maximum comfort ആക്കി smooth ആയിട്ട് കാര്യങ്ങൾ എങ്ങനെ ചെയ്യാം എന്നതിന് ഒരു നല്ല ഉദാഹരണമാണ് നിഖിത" - മിനുവിന്റെ സന്ദേശം.

"നൃത്തത്തിൽ നൂതന പാഠങ്ങൾ ഉൾക്കൊള്ളുവാനും പരിപോഷിപ്പിക്കുവാനും സമയം കണ്ടെത്തുന്ന നിഖിതയുടെ കലാസപര്യക്ക് അർഹിക്കുന്ന അംഗീകാരം"- ശ്രീലക്ഷ്മിയുടെ സന്തോഷവും പങ്കു വയ്ക്കുന്നു.
ടീ.ബിയുടെ 'ഡാൻസിംഗ് മോംസ്'ആണ് മിനുവും ശ്രീലക്ഷ്മിയും നിഖിതയും.

ടി.ബി.യുടെ കോഴിക്കോട് മെഗാമീറ്റു മുതൽ നമ്മുടെ വേദിയെ തന്റെ കലാസപര്യയാൽ സമ്പന്നമാക്കുന്നു,
നിഖിത.

മെഗാ തിരുവാതിരയിൽ
മമിതയോടൊപ്പം സഹോദരിമാരായ
നിഖിതയും ആതിരയും ചുവടുവച്ചു. മീറ്റിലെ മിന്നും താരങ്ങളായി.

കോട്ടയം മെഗാമീറ്റിൽ ഭരതനാട്യത്തിലൂടെ നിഖിത നമ്മുടെ മീറ്റിന്റെ തിളക്കമേറ്റി.

തിരുവനന്തപുരം മെഗാമീറ്റിൽ
കുച്ചിപ്പുടിയുടെ ഗരിമ പകർന്ന നടനവുമായി നിഖിത നൃത്തവേദിയിലെ തിളങ്ങും താരമായി. മമിത നേതൃത്വം നല്കിയ "സ്വം" എന്ന മെഗാസ്റ്റേജിൽ നവഭാവതരംഗങ്ങൾ സൃഷ്ടിച്ചു, നിഖിത.

ആലപ്പുഴ മെഗാമീറ്റിൽ നാട്യയിലെ മിന്നും പ്രകടനത്തിനു പുറമെ ഒരു ഹിന്ദി ഗാനവും പാടി മീറ്റിനെ സാന്ദ്രമാക്കിയ
നിഖിത.

മുറ്റത്തെ തുളസി പോലെ സൗമ്യസാന്നിദ്ധ്യമായ കലാകാരി.

നിഖിതയുടെ കലാർപ്പണം മഹനീയമായി തുടരട്ടെ.

നിഖിതക്കും കുടുംബാംഗങ്ങൾക്കും
ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Bishop Jerome Nagar, Kollam

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

It was the day at our Alappuzha Mega Meet when ‘Natya 26’ earned us a place in the India Book of Records.

One after another, dance forms unfolded on stage, each carrying its own colours, rhythms and new shades of expression.

And at the edge of the audience sat a mother, with her little child on her lap.

A simple, yet unforgettable glimpse of the magnificence of Natya.

A mother, absorbing the many hues of the performances on stage, after completing her own dance assignment at Natya, rushing back to the side of the auditorium to watch the remaining performances!

There, she gathered her little one, tired and drooping with sleep, close to her.

A Talented Banker mother, waiting for the grand finishing symphony of Natya.

What a rare, beautiful sight!

It was Mother's Day, and the moment seemed to carry a charm of its own…

Along the luminous path of this dancer mother's creative journey, let's ponder further.

Nikhitha Perinchery
Canara Bank
Zonal Inspectorate, Ernakulam

Daughter of Sri. P. N. Venugopal and Smt. K. K. Mini of Cherai, Nikhitha is a gifted artist who embraced dance from her earliest years.

She completed her schooling at Infant Jesus Public School, Paravur; Samooham High School; and S.N.V. Sanskrit Higher Secondary School, Ernakulam, emerging with an impressive academic record. She went on to graduate in Chemistry from Maharaja's College, Ernakulam, followed by a postgraduate degree in Chemistry from Cochin University.

While preparing to pursue research in Chemistry, she appeared for the IBPS PO examination and emerged successful, eventually joining Canara Bank.

She smiles as she recalls the joy of becoming a banker, following in the footsteps of her elder sister, Mamitha.

But dance—the passion of her childhood—never left her.

She continues to learn and explore classical dance forms even today.

During her school years, Nikhitha earned recognition in story writing, essay writing, public speaking and quiz competitions. She secured an A Grade at the State Level Story Writing Competition for two consecutive years, and won several prizes at the Sanskrit Festival.

Her love for reading and writing was nurtured generously by her parents and her elder sister Mamitha.

And there have been several gurus who have shaped her journey in dance from childhood.

Nikhitha trained in Bharatanatyam, Kuchipudi and Mohiniyattam under Smt. Kalamandalam Smitha. She continues her Mohiniyattam studies under Dr. Mini Pramod Menon, and in recent times has been delving deeper into Odissi under Guru Smt. Madhulita Mohapatra.

There is a quiet sense of fulfilment in her words as she speaks of continually nurturing her instinct for dance through learning.

Thirty-five Indian dance forms.
One stage.
One hundred and eighty-one bankers.

A two-hour-long Nrityanjali, bringing together an extraordinary spectrum of India's dance traditions.

For Nikhitha, being part of Natya remains a deeply cherished experience.

She was involved, along with her sister Mamitha Perinchery, right from the stage when the concept began taking shape, working through its many stages of preparation, with unwavering commitment.

It has become one of the brightest chapters of her life.

"Three of us—Minu, Sreelakshmi and I—formed the Odissi group. Our task was to bring alive, through the grace of Odissi, a symphony of rain—the beauty of the monsoon, its rhythm and the freshness it brings to nature."

They chose 'Varshapallavi', an Odissi pallavi, and took up the challenge of translating the vision of rain into movement and rhythm.

Practice happened online, with each of them working from their respective locations.

Then, on the holiday immediately before the performance, the three travelled to Sreelakshmi's home in Kollam, where they came together to rehearse and polish the presentation.

And finally came that unforgettable moment—the dancers representing thirty-five different dance traditions coming together, one after another, like flowers strung into a single garland, filling the entire stage.

The finishing dance to the Talented Bankers theme song became the grand symphony of Natya.

The preparations were beyond words.

Every moment became a living experience—one that continues to glow in memory.

And then came the historic moment when we became part of the India Book of Records.

Talented Bankers had created something truly extraordinary.

The love, instinctive understanding and wholehearted support of hundreds of talented fellow bankers became visible in every frame of Natya.

And then came the moment that made a dancer a 'Mother's Day Mom'

Nikhitha's Odissi presentation was the sixth performance.

Later, she also had a role in the nineteenth presentation—the Kajri dance.

After that, she came down from the stage and waited for her turn to join the finishing group dance.

That was when her younger son, Aditya, came running towards her, accompanied by his elder brother Aagney.

Poor little Aditya was already tired and sleepy.

She seated both her children on the floor near the audience and continued watching the unfolding sections of Natya with all the excitement of an artist who knew there was still one final performance to come.

And somewhere in those moments, a video captured a sight that beautifully brought together the two worlds she belongs to—

the dancer and the mother.

"I became a Mother's Day mom through that video, didn't I?"

There is both amusement and fulfilment in Nikhitha's words as she recalls the moment.

Perhaps that is what makes the image so special.

The stage had its dancers, its lights and its colours.

But just beyond it sat a mother, holding her little world close, waiting for the final symphony.

Nikhitha's father, Sri. P. N. Venugopal, retired from the Kerala Police as a Sub-Inspector. Her mother, Smt. K. K. Mini, is a homemaker.

All three daughters—Mamitha, Nikhitha and Athira—are bankers.

Her younger sister Athira Perinchery works with Canara Bank, while elder sister Mamitha Perinchery is a former TB and Governing Body member of Talented Bankers.

Nikhitha's life partner is Sri. Nikhil Maheshwar, who works as a Sub Postmaster at Ettumanoor. History, stamp collecting and coin collecting are among his interests.

They have two sons—ten-year-old Aagney N. Maheshwar and five-year-old Aditya N. Maheshwar.

Together, the family forms a quiet circle of support around Nikhitha's artistic journey.

Aagney shares his father's passion for stamps and coins.

And little Aditya, their darling younger one, is already making his own presence felt through dance and music.

Nikhitha began her banking career as an Officer at Canara Bank's Kandasankadavu Branch in Thrissur. Her career has since taken her through Ernakulam, Malappuram, Bengaluru and Kottayam, before bringing her back to Ernakulam.

She currently serves as Senior Manager at the Zonal Inspectorate, Ernakulam Unit.

The Odissi Varshapallavi group at Natya brought together Minu Mary Abraham, Sreelakshmi Abhishek and Nikhitha.

Together, the trio made Varshapallavi truly meaningful.

"Calmness in chaos."

That is how Minu describes Nikhitha in a single line.

"She handled everything related to Natya beautifully, working alongside Mamitha. Without noise or fuss, she has a wonderful way of making everyone in the group feel comfortable and getting things done smoothly. She is a beautiful example of how things can be handled with maximum comfort and minimum commotion," concludes Minu.

Sreelakshmi too shares her happiness at Nikhitha - who continue to find time to learn, explore and enrich her artistic journey - being chosen as today's Talented Banker.

Minu, Sreelakshmi and Nikhitha are our TB Dancing Moms.

From the Kozhikode Mega Meet, Nikhitha has continued to enrich our stages with her artistic presence.

At the Mega Thiruvathira, she danced alongside her sisters Mamitha and Athira, becoming one of the shining stars of the meet.

At the Kottayam Mega Meet, she added lustre to the stage through Bharatanatyam.

At the Thiruvananthapuram Mega Meet, her graceful Kuchipudi presentation made her one of the sparkling stars of the dance stage. She also brought new waves of expression to Swam, the mega-stage led by Mamitha.

And at the Alappuzha Mega Meet, besides her memorable presence in Natya, Nikhitha also lent her voice to a Hindi song, adding yet another shade to the richness of the meet.

A gentle presence—
like the tulsi plant in the courtyard.

Quiet.
Graceful.
Ever-present.

Yet, beneath that gentleness lies a vibrant artistic spirit that keeps learning, creating and giving.

May Nikitha's artistic offering continue to glow.

May the dancer, the writer, the banker, the mother and the ever-curious learner within her continue to find new stages and new expressions.

Our heartfelt wishes to Nikhitha and her family.

With love and warm wishes,

Talented Bankers